# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1778 — 10.03.2020-ൽ മറുപടിക്ക്

**കണ്ണാശുപത്രിയിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനെ തല്ലിച്ചതച്ച സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 27.01.2020 ന് തലസ്ഥാനത്തെ കണ്ണാശുപത്രിയിൽ പൊതുജനങ്ങൾക്ക് പെയ്ഡ് പാർക്കിംഗ് നടത്തുന്നിടത്ത് ഫീസ് പിരിക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥനെ, രണ്ട് ദിവസമായി ഈ സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന സെക്രട്ടേറിയറ്റ് ജീവനക്കാരന്റെ വാഹനത്തിന് ഫീസ് ആവശ്യപ്പെട്ടതിന് ക്രൂരമായി തല്ലിച്ചതച്ച സംഭവത്തിൽ പോലീസ് കേസ് എടുത്തിരുന്നോ;എങ്കിൽ സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞാണ് പോലീസ് ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തത്; ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (എ) സംഭവം നടന്ന ദിവസം തന്നെ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.119/20 u/s 294(b), 323, 447, 353, 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പൊതുജനങ്ങൾ ഫീസ് നൽകി പാർക്ക് ചെയ്യേണ്ട ഗവൺമെന്റ് സ്ഥലങ്ങളിൽ ഗവൺമെന്റ് വകുപ്പുകളിലെയോ ഓഫീസുകളിലെയോ ഏതെങ്കിലും തലത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ അവരവരുടെ സ്വകാര്യ വാഹനങ്ങൾ സൗജന്യമായി പാർക്ക് ചെയ്യുന്നതിന് നിയമത്തിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ ; | (ബി) ഇല്ല. |

(സി) ഇത്തരത്തിൽ നിയമത്തിൽ ഇളവ് ലഭ്യമല്ലായെങ്കിൽ അതിന് തങ്ങൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേര് പറഞ്ഞ് പാർക്കിംഗ് ഫീസിൽ ഇളവിന് നിർബന്ധിക്കുന്നത് ചട്ടവിധേയമായിട്ടാണോ; അല്ലെങ്കിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനെ തല്ലിയ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; നടപടി ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(സി) കന്റോൺമെന്റ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത വിവരം കാണിച്ച് നിയമസഭാ സെക്രട്ടറിക്ക് പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റാണ് തുടർനടപടി ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടത്.

സെക്ഷൻ ഓഫീസർ